പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1574 21. 01. 2014- ലെ മറുപടി

ജിദ്ദ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥരുടെ പെരുമാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സൗദിയിലെ ജിദ്ദ ഇന്ത്യൻ എംബസ്സിയുടെ നിരുത്തരവാദപരമായ പെരുമാറ്റം മൂലം അവിടുത്തെ മലയാളികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജിദ്ദയിൽ വിവിധ അപകടങ്ങളിലും മറ്റുമായി മരണപ്പെട്ട മലയാളികളുടെ മൃതശരീരങ്ങൾ അനുവദിച്ച സമയം കഴിഞ്ഞിട്ടും ബന്ധപ്പെട്ടവരെയോ ബന്ധുക്കളെയോ അറിയിക്കാതെ അഴുകിയ അവസ്ഥയിൽ ഉണ്ടെന്നതും ആയതിന് കാരണം ജിദ്ദ ഇന്ത്യൻ എംബസി തക്ക സമയത്ത് നടപടി എടുക്കാത്തതാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇത്തരത്തിൽ ഒരു പരാതി നോർക്ക വകുപ്പിൽ ലഭിച്ചിട്ടില്ല. എന്നാൽ ഗൾഫ് രാജ്യങ്ങളിൽ എംബസി ഉദ്യോഗസ്ഥരുടെ കുറവും സഹായം തേടി എത്തുന്നവരുടെ ബാഹുല്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനും മലയാളികളായ കൂടുതൽ ഉദ്യോഗസ്ഥരെ ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളിൽ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) മലപ്പുറം ചീക്കോട്, വിളയിൽ, എളയങ്കാവ് ശ്രീ. അബ്ദുൾ ഗഫൂർ ഗൾഫിൽ 05.08.2013 ന് മരണപ്പെട്ടിട്ട് ജിദ്ദ ഇന്ത്യൻ എംബസിയിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം മാസങ്ങളോളം കഴിഞ്ഞാണ് മറവ് ചെയ്യാൻ കഴിഞ്ഞത് എന്നത് നോർക്ക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വീഴ്ച വരുത്തിയ എംബസി ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിക്കായി കേന്ദ്ര സർക്കരിനെ സമീപിക്കുമോ ? | (ബി) ഇത്തരത്തിലൊരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തെങ്കിലും വിധത്തിലുള്ള വീഴ്ച എംബസി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ